# ഓണാട്ടുകര നാളികേരോല്പാദക കമ്പനി

**വെട്ടിക്കോട്,കറ്റാനം**

**8–ാം മത് വാർഷിക പൊതുയോഗം – ഡയറക്ടേഴ്സ് റിപ്പോർട്ട് (02.08.2022)**

---

പ്രിയ സുഹൃത്തുക്കളെ, ഓഹരി ഉടമകളെ!

ഓണാട്ടുകര നാളികേര ഉത്പാദക കമ്പനിയുടെ 8–ാം മത് വാർഷിക പൊതുയോഗത്തിലേയ്ക്ക് എല്ലാവർക്കും സ്വാഗതം. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വീഡിയോ കോൺഫറൻസ് വഴി നടത്തിവന്ന പൊതുയോഗത്തിനു വിരാമമിട്ടു കൊണ്ട് നമ്മൾ പരസ്പരം ഒത്തു കൂടി കാണാൻ അവസരം ലഭിച്ചിരിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയാൽ പ്രതീക്ഷിച്ചപോലെ കമ്പനിയുടെ പ്രവർത്തനങ്ങൾ കാര്യമായി മെച്ചപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ല. എല്ലാ പ്രതികൂല സാഹചര്യങ്ങളും നേരിട്ട് കൊണ്ടുതന്നെ കമ്പനിയുടെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നിലനിർത്താൻ സാധിച്ചുവെന്നു മാത്രം. വർഷം തോറും 1600 – 2000 മെട്രിക് ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിക്കാൻ ശേഷിയുള്ള മെഷിനറിയാണ് നമ്മുടെ യൂണിറ്റിൽ സ്ഥാപിച്ചിരിക്കുന്നത്. 2020 – 21 ൽ കമ്പനി 251 മെട്രിക് ടൺ വെളിച്ചെണ്ണ ഉത്പാദിപ്പിച്ചു വില്പന നടത്തിയപ്പോൾ 2021 – 22 ൽ ഇത് 75 ടണ്ണായി കുറഞ്ഞു. 2020 – 21 സാമ്പത്തിക വർഷത്തെ വിറ്റുവരവ് 4.15 കോടി രൂപയായിരുന്നത് 2021 – 22 ൽ 1.52 കോടി രൂപയായി കുറഞ്ഞു. കമ്പനിയുടെ ഉല്പന്നങ്ങൾക്ക് പ്രിയമേറുന്നുവെങ്കിലും ഉപഭോകതൃ ആവശ്യം പൂർത്തീകരിക്കാൻ ഇപ്പോഴത്തെ ഉല്പാദനം തീർത്തും അപര്യാപ്തമാണെന്ന് പറയേണ്ടതില്ലല്ലോ ? പ്രവർത്തന മൂലധനത്തിന്റെ അഭാവമാണിതിനുകാരണം. ഈ ഗുരുതര വിഷയത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് കമ്പനി CEO എല്ലാ ഫെഡറേഷനുകൾക്കും വിശദമായ ഒരു കത്തയച്ചിരുന്നുവല്ലോ ? കമ്പനിയുടെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള ഒരു സംരംഭമെന്ന നിലക്ക് ഒരു തെങ്ങിൽ തൈ നഴ്സറി തുടങ്ങിയിരുന്നു.10000 കുറ്റിയാടി നെടിയയിനം വിത്തു തേങ്ങ പാകി 7000 ത്തോളം തൈകൾ ഉല്പാദിപ്പിച്ചു. തൈകളുടെ വില്പന പുരോഗമിക്കുന്നു.

കമ്പനിയുടെ 2021 – 22 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 30 ലക്ഷം രൂപയുടെ നഷ്ടമാണ് കാണിക്കുന്നത്. വിവിധ ബ്രാൻഡുകളിലെ ഗുണമേന്മയില്ലാത്ത എണ്ണ വിലക്കുറവിൽ വിപണിയിൽ സുലഭമായി ലഭിക്കുന്നത് നമുക്ക് തിരിച്ചടിയാകുന്നു. എന്നിരുന്നാലും നമ്മുടെ പ്രവർത്തനങ്ങൾ യാതൊരു വിട്ടുവീഴചയും കൂടാതെ അനസ്യൂതം തുടരുന്നു.

ഓണാട്ടുകര വെളിച്ചെണ്ണയും മറ്റുല്പന്നങ്ങളും വിദേശ വിപണിയിലേക്ക് എത്തിക്കാൻ സാധിച്ചത് വലിയ നേട്ടമാണ്. അമേരിക്കയിലും സിംഗപ്പൂരിലും നമ്മുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്തു. ഉല്പാദനം വർദ്ധിപ്പിക്കുകയെന്നതാണ് ഇപ്പോഴത്തെ നമ്മുടെ ലക്ഷ്യം.

ഈ പശ്ചാത്തലത്തിൽ അഡീഷണൽ ഷെയർ നൽകാൻ ഓഹരി ഉടമകൾ തയ്യാറാകുന്നതും പുതിയ ഷെയർ എടുക്കാൻ പലരും മുന്നോട്ടു വരുന്നതും ശുഭാപ്തി വിശ്വാസം നൽകുന്നു.

എല്ലാവരുടേയും സഹായ സഹകരണങ്ങൾ കാംക്ഷിച്ചു കൊണ്ടു നിർത്തട്ടെ! ഈ അവസരത്തിൽ കമ്പനിയുടെ ഓരോ ഓഹരി ഉടമകളോടും മറ്റു കർഷക സുഹൃത്തുക്കളോടുമുള്ള നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു. കമ്പനിയുമായി പ്രത്യക്ഷമായും, പരോക്ഷമായും സഹകരിക്കുന്ന സഹായിക്കുന്ന എല്ലാ ഗവൺമെന്റേതിര സ്ഥാപനങ്ങളോടും കമ്പനി സെക്രട്ടറിമാരോടും (ABP & Associates) കമ്പനി ചാർട്ടേർഡ് അക്കൗണ്ട്സിനോടും (GSP & Company) സ്ഥലം ഉടമയോടും എല്ലാ മാന്യ ഉപഭോക്താക്കളോടും കടപ്പാടും നന്ദിയും ഞങ്ങൾ രേഖപ്പെടുത്തിക്കൊള്ളട്ടെ !

ചെയർമാൻ
ഡയറക്ടർ ബോർഡ്
OCPCL

**ബോർഡ് ഓഫ് ഡയറക്ടേഴ്സ്**

1. അഡ്വ: തോമസ് എം മാത്തുണ്ണി
2. അഡ്വ: മലയിൽ മോഹൻ
3. വി സദാശിവൻ
4. എൻ രവി
5. വേലഞ്ചിറ സുകുമാരൻ
6. തോമസ് റ്റി തോമസ്
7. എം പി വിഹാർ അജയകുമാർ
8. ബാബുരാജൻ എസ്
9. ലളിതാംബ എ